23|11|21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 226(2)/2021**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **5207**/എസ്.ഐ.സി-ജി 6/21)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.എസ്.സുനിൽ കുമാർ,
ആലയിൽ,
മയ്യനാട് പി.ഒ., കൊല്ലം,
പിൻ - 691 303. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അസിസ്റ്റന്റ് ഡയറക്ടർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം - 33. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.06.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 21.04.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 21.04.2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എസ്.സുനിൽ കുമാർ, 21.04.2021ന് സമർപ്പിച്ച പരാതി ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.226(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 14.06.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കൊല്ലം ജില്ലയിൽ നിയമ സേവന അതോറിറ്റിയും സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടത്തിയ "നേർവഴി "പദ്ധതി കൊല്ലത്ത് എന്ന് എവിടെവച്ചു നടത്തിയെന്നും

2) 21.03.2019ൽ ടിയാൻ നൽകിയ പരാതിയിന്മേലുള്ള അന്വേഷണം എവിടെവരെയായിയെന്നും ആരുടെയൊക്കെ മൊഴി എടുത്തുവെന്നും മൊഴിപ്പകർപ്പ് ലഭ്യമാക്കണമെന്നും

3) മേൽപ്പടി പദ്ധതിയിൽ സൂചിപ്പിച്ചിട്ടുള്ള പരിപാടിക്ക് എത്ര രൂപ ചെലവായെന്നും ചെലവായതിന്റെ ഐറ്റം തിരിച്ചുള്ള വൗച്ചർ കോപ്പി ലഭ്യമാക്കണമെന്നും

4) നടത്താത്ത പരിപാടി ഇനി എന്നത്തേയ്ക്ക് നടത്താൻ തീരുമാനിച്ചുവെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. എതിർകക്ഷി 12.07.2021ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭ്യമായിട്ടില്ലെന്നു കാണിച്ച് വിവരാവകാശ നിയമം വകുപ്പ് 18(1) പ്രകാരം കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചിരുന്നതായി 18.06.2021ലെ കത്തുപ്രകാരം ബഹു.സംസ്ഥാന വിവരാവകാശ കമ്മീഷൻ അറിയിച്ചിരുന്നുവെന്നും ആയതിനാൽ പ്രസ്തുത പരാതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം കമ്മീഷൻ മുമ്പാകെ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെന്നും ഹർജിക്കാരന്റെ അപേക്ഷ പരിശോധിച്ചതിൽ 28.06.2019ന് ടി കാര്യാലയത്തിൽ നിന്നും രജിസ്റ്റേർഡ് പോസ്റ്റിൽ ഹർജിക്കാരന് അയച്ചു കൊടുത്തിട്ടുള്ളതായി കാണുന്നുവെന്നും ആയതിനാൽ ടിയാന്റെ പരാതി നിലനിൽക്കുന്നതല്ല എന്നാണ് അറിയിച്ചത്. ടി സാഹചര്യത്തിൽ ഹർജിക്കാരൻ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷ, ആയതിന് ടി ഓഫീസിൽ നിന്നും നൽകിയ മറുപടി എന്നിവ ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

5. 02.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭ്യമായില്ലെന്നും വീഴ്ച വരുത്തിയ എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പു സഹിതം എതിർകക്ഷി ഹാജരാക്കി കമ്മീഷനെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരിയ്ക്കൽകൂടി ഹർജിക്കാരന് രജിസ്റ്റേർഡ് തപാലിൽ മറുപടി അയച്ചു നൽകണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് ഈ പരാതി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേ ദിവസം 2021 നവംബർ 03-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)